പറഞ്ഞിരിക്കുന്നു. എന്നാൽ അപേക്ഷിക്കാതെതന്നെ അവരുടെ സ്വാതന്ത്ര്യംപോലെ നോക്കുവാൻ അധികാരമുണ്ടോ?

മിസ്റ്റർ ഐ. എൻ. മേനോൻ:—ഗവർമ്മെണ്ടനുവാദം കൂടാതെ വേറെ ജോലിക്കുപോകുവാൻ പാടില്ല.

മിസ്റ്റർ കെ. പി. വള്ളോൻ:—അങ്ങിനെ പോയിട്ടുണ്ടെങ്കിൽ ഗവർമ്മെണ്ടു് അതിനെപറ്റി അന്വേഷിക്കുമോ?

മിസ്റ്റർ ഐ. എൻ. മേനോൻ:—അനുവാദം കൂടാതെ ആരെങ്കിലും പോകുന്നുണ്ടെന്നും പോയിട്ടുണ്ടെന്നും ഉള്ള സംഗതി ഗവർമ്മെണ്ടിന്റെ ദൃഷ്ടിയിൽ കൊണ്ടുവന്നാൽ തീർച്ചയായും അന്വേഷിക്കാം.

മിസ്റ്റർ കെ. പി. വള്ളോൻ:—വെളിയനാട്ടു് മങ്ങാട്ടു് പള്ളിക്കൂളിൽ ജോലിനോക്കുന്ന മിസ്റ്റർ ശങ്കുണ്ണി എന്ന ആളെ സംരക്ഷണ ഡിപ്പാർട്ടുമെണ്ടിൽ ഒരു വാർഡനായി നിയമിച്ചിട്ടുണ്ടോ?

മിസ്റ്റർ ഐ. എൻ. മേനോൻ:—എനിക്കറിവില്ല.

Sankunni—Appointed as Warden.

92. മിസ്റ്റർ കെ. പി. വള്ളോൻ:—(എ) സംരക്ഷണവകുപ്പിൽ മുളന്തുരുത്തുകാരൻ ശങ്കുണ്ണി എന്നൊരാളെ വാർഡനായി നിയമിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ടിയാനെ എതെല്ലാം സ്ഥലത്താണു് ജോലിനോക്കുവാൻ നിയമിച്ചിട്ടുള്ളതു്?

രാമവർമ്മതമ്പുരാൻ:—(എ) ഉണ്ടു്.

(ബി) പൂളിക്കാമലി, ആരാകുന്നം, കാരിക്കോട്ടു്, തലക്കോട്ടു് എന്നീ അധികൃതകാളനികളിൽ.

മിസ്റ്റർ കെ. പി. വള്ളോൻ:—പൂളിക്കാമലി, ആരാകുന്നം, കാരിക്കോട്ടു്, തലക്കോട്ടു് എന്നീ കാരോ അധികൃതകാളനികളും തമ്മിൽ എത്ര അകലം ഉണ്ടെന്നു പറയാമോ?

രാമവർമ്മതമ്പുരാൻ:—അന്വേഷിച്ചു വേണം പറയുവാൻ.

മിസ്റ്റർ കെ. പി. വള്ളോൻ:—എങ്കിലും ഒരു ഉദ്ദേശം പറയാമോ?

രാമവർമ്മതമ്പുരാൻ:—നിശ്ചയമില്ല.

മിസ്റ്റർ കെ. പി. വള്ളോൻ:—മിസ്റ്റർ ശങ്കുണ്ണി എന്ന ആൾക്കു മങ്ങാട്ടു പള്ളിക്കൂളിൽ ജോലിയുണ്ടോ എന്നു് അന്വേഷിക്കുമോ?

മിസ്റ്റർ ഐ. എൻ. മേനോൻ:—അന്വേഷിക്കാം.

Watchers—Forest Department.

93. മിസ്റ്റർ കെ. പി. വള്ളോൻ:—(എ) ഫാറസ്റ്റു് ഡിപ്പാർട്ടുമെണ്ടിൽ എത്ര വാച്ചർമാരുണ്ടു്;

(ബി) ഇവരുടെ ഉദ്യോഗം സ്ഥിരമോ അല്ലയോ;

LIBRARY ARCHIVES Kerala Legislative Assembly